ഭരണഭാഷ മാതൃഭാഷ

നമ്പർ TRY/2434/2020-F2

ട്രഷറി ഡയറക്ടറേറ്റ്
തിരുവനന്തപുരം
തീയതി 24/08/2020

## സർക്കുലർ നം. 9/2020

സർ,

വിഷയം:- ട്രഷറി സേവിങ്സ് ഇടപാടുകളിൽ കൂടുതൽ ജാഗ്രത പുലർത്തുന്നത് - നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:- ഇല്ല

വഞ്ചിയൂർ സബ് ട്രഷറിയിൽ സാമ്പത്തിക ക്രമക്കേട് കണ്ടെത്തിയ സാഹചര്യത്തിൽ ട്രഷറി സേവിങ്സ് ബാങ്ക് ഇടപാടുകളിൽ കൂടുതൽ ജാഗ്രത പുലർത്തേണ്ടതിനാൽ ചുവടെ പറയുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

1. ടെല്ലർ കൗണ്ടർ മുഖേനയല്ലാതെ സേവിങ്സ് ബാങ്ക് അക്കൗണ്ടുകളിൽ നിന്നും പ്രതിദിനം പിൻവലിക്കൽ നടത്തിയ ചെക്കുകളിൽ പത്തു ശതമാനം ചെക്കുകൾ ജില്ലാ/സബ് ട്രഷറി ഓഫീസർമാർ ട്രഷറുടെ സ്ക്രോളുമായിട്ട് ഒത്തുനോക്കേണ്ടതും ചെക്ക് നമ്പറും തുകയും ശരിയാണെന്നു ഉറപ്പാക്കേണ്ടതുമാണ്. ജില്ലാ ട്രഷറികളിൽ ജില്ലാ ട്രഷറി ഓഫീസറോ ജില്ലാ ട്രഷറി ഓഫീസർ നിയോഗിക്കുന്ന ഓഫീസറോ ആയത് പരിശോധിക്കേണ്ടതാണ്. ഒരു ലക്ഷം രൂപയ്ക്കു മുകളിൽ വരുന്ന RTGS ചെക്കുകൾ ഉൾപ്പെടെ ഇപ്രകാരം പരിശോധനയ്ക്കു വിധേയമാക്കേണ്ടതാണ്. സബ് ട്രഷറികളിൽ ട്രഷറി ഓഫീസറുടെ അഭാവത്തിൽ ബന്ധപ്പെട്ട എസ്.ബി. പാസിംഗ് ഓഫീസർ ചെക്ക് പാസ്സാക്കുമ്പോൾ കൂടുതൽ ജാഗ്രത പുലർത്തേണ്ടതാണ്.
2. ട്രഷറി ജീവനക്കാർ ട്രഷറി സേവിങ്സ് അക്കൗണ്ട് ആരംഭിക്കുമ്പോൾ അക്കാര്യം ബന്ധപ്പെട്ട ഓഫീസ് മേധാവിയെ അറിയിക്കേണ്ടതാണ്.
3. എഫ്.ഡി മാസ്റ്ററിൽ നിക്ഷേപകന്റെ മൊബൈൽ നമ്പർ നിർബന്ധമായും ചേർക്കേണ്ടതാണ്.

**ട്രഷറി ഡയറക്ടർ**

സ്വീകർത്താവ്,

എല്ലാ മേഖല ഡെപ്യൂട്ടി ഡയറക്ടർമാർക്കും/ എല്ലാ ജില്ലാ ട്രഷറി ഓഫീസർമാർക്കും / എല്ലാ സബ് ട്രഷറി ഓഫീസർമാർക്കും

ട്രഷറി ഡയറക്ടറുടെ സി.എ/ ജോയിന്റ് ഡയറക്ടർ I, II/ ഡെപ്യൂട്ടി ഡയറക്ടർ (HQ)/ അസിസ്റ്റന്റ് ഡയറക്ടർ

ഉത്തരവിൻപ്രകാരം

സീനിയർ സൂപ്രണ്ട്